അഭിമുഖം

◆

മുട്ടാണിശ്ശേരിൽ എം. കോയാക്കുട്ടി/അഡ്വ. ഒ. ഹാരിസ്, വൈ. ഇർശാദ്

# ‘ഇസ്‌ലാമിൽ മത രാഷ്ട്രീയ വിഭജനമില്ല’

**മുട്ടാണിശ്ശേരിൽ എം കോയാക്കുട്ടി സാഹിബ്; ഖുർആൻ ഒടുങ്ങാത്ത സപര്യയാണ് അദ്ദേഹത്തിന്. 1926 ആഗസ്റ്റ് 16-ന് കായംകുളത്ത് മുട്ടാണിശ്ശേരിൽ കുടുംബത്തിൽ ജനിച്ച അദ്ദേഹം 81-ാം വയസ്സിലും ഗവേഷണത്തിരക്കുകളിലാണ്. 1946-ൽ തിരുവനന്തപുരം യൂനിവേഴ്സിറ്റി കോളേജിൽനിന്ന് ഭൗതിക ശാസ്ത്രത്തിൽ ബി.എസ്.സി ബിരുദം നേടിയ മൗലവി 1950 മുതൽ ഇസ്‌ലാമിക ഗവേഷണരംഗം തെരഞ്ഞെടുത്തു. ഇമാം ഗസ്സാലിയുടെ *മിശ്കാത്തുൽ അൻവാർ* പരിഭാഷപ്പെടുത്തിക്കൊണ്ടാണ് മൗലവി വൈജ്ഞാനിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. തുടർന്ന് വിശുദ്ധ ഖുർആൻ, ഇബ്നു ഖൽദൂന്റെ *മുഖദ്ദിമ* എന്നിവ പരിഭാഷപ്പെടുത്തി. ഖുർആന്റെ ഉപമകൾ, ഇസ്‌ലാം ഒരു വിശകലന പഠനം, ഖുർആൻ പഠനത്തിന് പുതിയ മാതൃക, ഖുർആൻ: ശാസ്ത്ര-വേദ സംഗമം, FACT OR FALLACY, SCIENCE ENSHRINED IN THE GLORIOUS QURAN, SCIENCE BEHIND THE MIRACLE, THE CHALLANGE, METHOD IN THE QURAN, THEORY OF EVALUTION AND THE QURAN, THOUGHTS ON THE QURAN, WASHINGTON SPEECHES എന്നിങ്ങനെ മലയാളത്തിലും ഇംഗ്ലീഷിലുമായി നിരവധി പുസ്തകങ്ങൾ അദ്ദേഹത്തിന്റേതായി പുറത്തുവന്നു. 1966-ൽ പരിഭാഷക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. അറബി, ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ ഒരുപോലെ വ്യുൽപത്തിയുള്ള അദ്ദേഹം പ്രായം വകവെക്കാതെ തന്റെ വൈജ്ഞാനിക അന്വേഷണങ്ങളുമായി മുന്നോട്ടുപോകുന്നു.**

***ഒമാൻ ഒബ്സർവർ*** **പത്രത്തിലേക്കുള്ള ലേഖനത്തിന്റെ രചനയിലായിരുന്നു ഞങ്ങൾ ചെല്ലുമ്പോൾ. അദ്ദേഹം *പ്രബോധന*ത്തോട് സംസാരിക്കുന്നു.**

*ഏറെക്കാലം മുമ്പുതന്നെ ഖുർആൻ വിവർത്തന മേഖലയിലേക്ക് കടന്നുവന്ന താങ്കൾക്ക് നിലവിലെ അവസ്ഥകൾ സംതൃപ്തി നൽകുന്നുണ്ടോ?*

ഞാൻ അമ്പതുകളിൽ തുടങ്ങിയ ഖുർആൻ പരിഭാഷ അറുപത് മധ്യത്തോടെയാണ് പൂർത്തിയാക്കാൻ കഴിഞ്ഞത്. ഇപ്പോഴത്തെ ചുറ്റുപാട് സംതൃപ്തിക്ക് വകനൽകുന്നതാണ്. ധാരാളം പഠന സ്ഥാപനങ്ങൾ എങ്ങും നിറയുന്നു. ആധുനിക ശാസ്ത്രപഠനവുമായി സമരസപ്പെട്ടുകൊണ്ടിരിക്കുന്നു. ഫത്‌വ കൊണ്ട് എതിർത്തിരുന്നവർ തന്നെ മുൻകൈയെടുത്ത് സ്കൂളുകളും കോളേജുകളും സാങ്കേതിക കലാ സ്ഥാപനങ്ങളും നടത്തുന്നു. ഒരു സമുദായം ഉയരുന്നതിന്റെ നാന്ദിയായി ഇവ കണക്കാക്കാം. പക്ഷേ, സ്വഭാവ സംസ്കരണരംഗത്ത് കൂടുതൽ ജാഗ്രത പുലർത്തുന്ന പദ്ധതികളിലേക്ക് നാം തിരിയണം. നുബുവ്വത്തിന്റെ ആദ്യത്തെ ലക്ഷണമായി ഖദീജ(റ) കണ്ടത് നബിതിരുമേനിയുടെ സ്വഭാവ ഗുണങ്ങളായിരുന്നുവെന്നോർക്കണം. ആ ഊന്നൽ നാം ഏറ്റെടുക്കണം.

*ആഗോളതലത്തിൽ ഇസ്‌ലാമിന്റെ വർത്തമാനകാല അവസ്ഥകൾ താങ്കൾ എങ്ങനെ നോക്കിക്കാണുന്നു?*

കുട്ടിക്കാലം മുതലേ സമകാലിക മുസ്‌ലിം അവസ്ഥകളെക്കുറിച്ച വിലയിരുത്തലുകൾ കേട്ടാണ് ഞാൻ വളർന്നത്. എന്റെ മൂത്ത ജ്യേഷ്ഠൻ യൂനിവേഴ്സിറ്റി കോളേജ് വിദ്യാർഥിയും തിരുവനന്തപുരം മുസ്‌ലിം അസോസിയേഷൻ ഭാരവാഹിയും കായംകുളത്ത് നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ‘മലയാളം’ പത്രത്തിന്റെ എഡിറ്ററുമായിരുന്നു. അതിനാൽ വീട് വിവിധ ചർച്ചകളാൽ മുഖരിതമായിരുന്നു. ഹിന്ദുക്കളും മുസ്‌ലിംകളും അടങ്ങിയ വലിയൊരു സംഘം അതിൽ പങ്കെടുത്തിരുന്നു.

ലോക മുസ്‌ലിം സമൂഹത്തിൽ ഇന്നുകാണുന്ന സംഘർഷങ്ങൾക്കും സംഘട്ടനങ്ങൾക്കും സമാനമായ സ്ഥിതിവിശേഷമായിരുന്നു യൂറോപ്യൻ

രാജ്യങ്ങളുടെ നവോത്ഥാനത്തിന് മുമ്പ് ആ പ്രദേശങ്ങളിൽ നിലനിന്നിരുന്നത്. എഴുതപ്പെടാത്ത ഒരു യോജിപ്പിൽ ആ രാജ്യങ്ങൾക്ക് ഇന്ന് എത്താൻ കഴിഞ്ഞിട്ടില്ലേ? ഇന്ന്, ആ രാജ്യങ്ങൾ അവരവരുടെ വ്യക്തിത്വം സൂക്ഷിക്കുന്നതോടൊപ്പം പൊതുവായ ഒരു പോളിസിയിൽ പങ്കുകാരായി വർത്തിക്കുന്നുമുണ്ട്. ഈ സ്ഥിതിയിലേക്ക് മുസ്‌ലിം രാജ്യങ്ങൾക്കും എത്തിച്ചേരാം. മുസ്‌ലിം രാജ്യങ്ങൾ പരസ്പരം സമരസപ്പെടുകയും പൊതുവായ ഒരു പോളിസിയിൽ സഹകരിച്ച് മുന്നേറുകയും ചെയ്യണം. ലോക മുസ്‌ലിം സംഘടനയെക്കുറിച്ചൊന്നും (Pan Islamism) ഇപ്പോൾ ചിന്തിക്കാറായിട്ടില്ല. ഇഖ്ബാൽ തന്റെ പ്രഭാഷണങ്ങളിൽ ഈ സാധ്യതയാണ് മുസ്‌ലിം സമൂഹത്തിന്റെ അടുത്ത കാൽവെപ്പായിരിക്കേണ്ടതെന്ന് വ്യക്തമായി നിർദേശിക്കുന്നുണ്ട്. ഖിലാഫത്ത് ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കുമ്പോൾ, വ്യക്തിവൈരാഗ്യത്തിന്റെയും മത്സരത്തിന്റെയും രംഗമായി മാറുന്നു. വെറും അധികാര ചിഹ്നമായി അത് അധഃപതിക്കുകയും ചെയ്യും.

ഇവിടെ ഒരു പ്രത്യേകതയെടുത്ത് പറയണം. മറ്റു മതങ്ങളെ അപേക്ഷിച്ച്, ലോക കേന്ദ്രങ്ങളിലെല്ലാം ഇസ്‌ലാം അതിവേഗം പ്രചരിക്കുന്നുണ്ട്. തെക്കേ അമേരിക്കൻ രാജ്യങ്ങളിലും ആസ്ത്രേലിയയിലും ജപ്പാനിലും അത് വേരു പിടിച്ചു കഴിഞ്ഞു. ആശയപരമായ ലാളിത്യം, യുക്തിപരമായ മേന്മ, ശാസ്ത്രസത്യങ്ങളോടുള്ള ആഭിമുഖ്യം, ദൈനംദിന ജീവിതത്തിൽ അതിന്റെ പ്രയോഗക്ഷമത- ഇതൊക്കെയാണ് അതിന് കാരണം. 1934 മുതൽ 1984 വരെയുള്ള അമ്പതു വർഷത്തെ കണക്ക് യൂറോപ്യൻ സംഘടനകൾ എടുത്തിട്ടുണ്ട്. ഇതു പ്രകാരം 235 ശതമാനമാണ് ലോക മുസ്‌ലിം ജനതയുടെ വർധന. തൊട്ടടുത്ത് ക്രിസ്ത്യാനികൾ 102 ശതമാനമാണ്.

*ആധുനികലോകത്ത് ഇസ്‌ലാം നേരിടുന്ന പ്രത്യയശാസ്ത്ര വെല്ലുവിളികൾ എങ്ങനെ അതിജയിക്കാം? (ഉദാ: സ്ത്രീളോടുള്ള സമീപനം, ജനാധിപത്യം...)*

ഇസ്‌ലാം രണ്ട് ദിശയിലൂടെയുള്ള കടമ്പകൾ നേരിടുന്നുണ്ട്. ഒന്ന്, യാഥാസ്ഥിതിക വ്യാഖ്യാനത്തിൽ ഖുർആനെ തളച്ചിടുമ്പോഴുള്ള കടമ്പ. യഥാർഥത്തിൽ ആധുനിക ശാസ്ത്രത്തിനോ ആധുനികമെന്നു പറയുന്ന ആശയങ്ങൾക്കോ എതിരൊന്നും നിൽക്കാതെ അവയെ പ്രോത്സാഹിപ്പിക്കുന്നു ഖുർആൻ. ബൈബിളിന്റെ കാലടികൾ പിന്തുടർന്ന് ദുശ്ശാഠ്യത്തിൽ നിൽക്കുന്ന ഗ്രന്ഥമാണെന്ന തെറ്റുധാരണയാണ് പിന്നത്തെ വെല്ലുവിളി. ഇതു മാറ്റാൻ ധാരാളം ഗവേഷണം വേണ്ടിയിരിക്കുന്നു. ബൈബിളിൽനിന്ന് കടന്നുവന്ന അനേകം ആശയങ്ങൾ ഖുർആന്റേതായി നാം തെറ്റിദ്ധരിക്കുന്നു, പ്രചരിപ്പിക്കുന്നു. ചില ഉദാഹരണങ്ങൾ പറയാം. ഖുർആൻ പരിഭാഷപ്പെടുത്തുന്നത് ഹറാമാണെന്ന മുറവിളി നേരിട്ട ആളാണ് ഞാൻ. ഒരു പണ്ഡിതൻ ഒരു സദസ്സിൽ വെച്ച് എന്നോട് ഈ ഫത്‌വക്ക് പ്രതികരണം ആരാഞ്ഞു: 'മൂസാ നബി ഹീബ്രു സംസാരിച്ചു. ദാവൂദ് നബി ലാറ്റിൻ സംസാരിച്ചു. ഈസാ നബി സുറിയാനി സംസാരിച്ചു. ഇവരുടെയെല്ലാം വാക്കുകൾ ഖുർആൻ ഉദ്ധരിക്കുന്നുണ്ട്- അറബിയിൽ.' ഞാൻ ചോദിച്ചു: 'അറബിയിലേക്കുള്ള ഈ ഭാഷാന്തരം ആരാണ് നിർവഹിച്ചത്?' പിന്നീട് ആ ഫത്‌വ തുടർന്ന് കേൾക്കാനില്ല. ഇന്ന് പതിനെട്ടിലേറെ പരിഭാഷകൾ മലയാളത്തിൽ തന്നെയുണ്ട്.

സ്ത്രീകളോടുള്ള സമീപനമാണ് മറ്റൊരു വിഷയം. ജീവനോടെ കുഴിച്ചുമൂടപ്പെടുകയും ഭർത്താവിനോടൊപ്പം ചിതയിലേക്ക് എറിയപ്പെടുകയും ചെയ്തിരുന്ന കാലഘട്ടത്തിൽ, സ്ത്രീക്ക് സ്വത്തവകാശവും വിവാഹധനവും (മഹ്ർ) വിവാഹമോചനാവകാശവും ഇസ്‌ലാം നൽകി. ഒരു പ്രക്ഷോഭവും അതിനു വേണ്ടി ഒരു സ്ത്രീക്കും നടത്തേണ്ടിവന്നില്ല. ഇസ്‌ലാം സ്ത്രീക്ക് അവകാശങ്ങൾ നിഷേധിക്കുന്നുവെന്നും അവളെ അടിച്ചമർത്തുന്നുവെന്നും മറ്റുമുള്ള പ്രചാരണം യൂറോപ്പിന്റെ ഗൂഢാലോചനയാണ്.

മാർക്സിനും 600 വർഷം മുമ്പ് ഇബ്നുഖൽദൂൻ പറഞ്ഞു: മൂലധനമിറക്കിയാൽ മാത്രമേ അധ്വാനം രംഗത്തിറക്കാൻ സാധിക്കൂ. നിലവും കലപ്പയും കാളയും വിത്തും കൂടാതെ, വിത്തിറക്കി നൂറുദിവസമെങ്കിലും കാത്തിരിക്കണം വിളവെടുക്കാൻ. ഇക്കാലത്ത് ഉപജീവനത്തിന് ധനം വേണം. ഇത് ശരിയാണെങ്കിൽ, കൂടുതൽ അധ്വാനം രംഗത്തിറക്കാൻ കൂടുതൽ കഴിവുള്ളവർക്കേ സാധിക്കൂ. സ്ത്രീയേക്കാൾ കൂടുതലായ കഴിവ് (കായികവും മാനസികവും) പുരുഷനുണ്ട്. ഇത് പ്രകൃതിസത്യം. വെറുതെ സ്ത്രീ പുരുഷ സമത്വം എന്ന മൂഢ സങ്കൽപം പ്രചരിപ്പിച്ചതുകൊണ്ട് കാര്യമില്ല. സ്ത്രീക്ക് ആർത്തവകാലം, ഗർഭകാലം, പ്രസവകാലം എന്നിവയെല്ലാം അവശതകളാണെന്നത് പ്രകൃതിപാഠം. അതിന് പരിഹാരം ഈ സഹജ പോരായ്മകളില്ലാത്ത പുരുഷനെ കൂടുതൽ ധനം ഏൽപിക്കുക എന്നതാണ്. അവന്റെ കൂടുതലായ അധ്വാനം രംഗത്തിറക്കി കൂടുതൽ മൂലധനം ഉണ്ടാക്കുന്നു. ഇതാണ് ലളിതമായി പറഞ്ഞാൽ സ്വത്തുവിഭജനത്തിലെ സ്ത്രീ ഓഹരിക്കുറവിന് കാരണം. അല്ലാതെ സ്ത്രീ വിവേചനമല്ല. മാത്രമല്ല, അവളുടെ ചുമലിൽനിന്നും കുടുംബഭാരത്തിന്റെ വലിയ പങ്ക് പുരുഷൻ വഹിക്കാൻ ബാധ്യസ്ഥനുമാണ്. അവളുടെ സംരക്ഷണം, സന്താനങ്ങളുടെ സംരക്ഷണം എല്ലാം പുരുഷന്റെ ഉത്തരവാദിത്വത്തിൽപെടും. സ്ത്രീക്കും പുരുഷന്നും സാമ്പത്തിക തുല്യത നൽകിയിട്ടുള്ള ഒരേ ഒരു ഉദാഹരണമേയുള്ളൂ-മക്കളുടെ മരണശേഷം അവരുടെ സ്വത്തിൽ മാതാപിതാക്കൾക്ക് ആറിലൊന്ന് അവകാശം നൽകുന്നു.

മറ്റൊരു 'മാക്കിയവെല്ലിയൻ' പ്രചാരണമാണ് മുഖാവരണം. ആദ്യ തലമുറകളിൽ ഈ ആചാരമേ ഉണ്ടായിരുന്നില്ല. സ്ത്രീകളുടെ സൗന്ദര്യഭാഗങ്ങൾ വെളിവാക്കുന്ന വസ്ത്രധാരണം നിരോധിച്ചിട്ടുണ്ടെന്നു മാത്രം. റോമൻ, പേർഷ്യൻ, ഇന്ത്യൻ സംസ്കാരങ്ങളുടെ ഭാഗമായി ഇസ്‌ലാമിലേക്ക് കടന്നുവന്ന ഒരു ആചാരമാണ് ആമൂലാഗ്രം സ്ത്രീശരീരം മറയ്ക്കുകയെന്നത്. ഇന്ന് സ്ത്രീസ്വാതന്ത്ര്യത്തെ കൊട്ടിഘോഷിക്കുന്ന യൂറോപ്യൻ ജനതകളുടെ സ്ത്രീവേഷം പതിനാറാം നൂറ്റാണ്ടു മുതലുള്ള പെയിന്റിംഗുകളിൽ ധാരാളം കാണാം. മുകളിൽ പറഞ്ഞ സംശയത്തിന് നല്ല തെളിവാണിത്.

ജനാധിപത്യത്തോടുള്ള നിലപാടും ചർച്ചാവിഷയമാണ്. കൂടിയാലോചനാ സഭ എന്നൊരധ്യായം തന്നെ ഖുർആനിലുണ്ട്. നബി സ്വഹാബിമാരിൽ പ്രമുഖരോട് സദാ കൂടിയാലോചിച്ചിരുന്നു. മരണത്തോടടുത്ത് വസ്വിയ്യത്ത് ചെയ്ത ഘട്ടത്തിൽ, രാജ്യഭരണത്തെക്കുറിച്ച് ഒരു സൂചനയും നബി കൊടുത്തില്ല. എട്ടു ദിവസം മുമ്പ്, രോഗം മൂർഛിച്ച സമയം അബൂബക്റിനെ നമസ്കാര നേതൃത്വം ഏൽപിച്ചു. മരണശേഷം മൂന്ന് ദിവസം കഴിഞ്ഞാണ് തിരുശരീരം മറവു ചെയ്യുന്നത്. ഇവിടെയും ഒരു ദുഷ്പ്രചാരണം തളംകെട്ടി കിടപ്പുണ്ട്- 'അധികാരത്തർക്കം.' അങ്ങനെ ഒരു തർക്കവും ഉണ്ടായിട്ടില്ല. ആരായിരിക്കണം ഭരണഭാരമേറ്റെടുക്കാൻ എന്ന ചർച്ചയാണ് നടന്നത്. ബനൂ സഖീഫ ഗ്രോതമുറ്റത്ത് വെച്ചായിരുന്നു അത്. അൻസ്വാരികൾക്കായിരിക്കണമെന്ന് അവർ വാദിച്ചപ്പോൾ നേതൃത്വം ഖുറൈശികൾക്ക് എന്ന നബിവചനം ഖുറൈശി നേതാക്കൾ ഉന്നയിച്ചു. ഓരോരുത്തരിൽനിന്നും ഒരാളെ വീതം എടുക്കാം എന്ന പരിഹാരവും സ്വീകാര്യമായില്ല. ഇങ്ങനെ ഈ ചർച്ച നടന്ന മൂന്ന് ദിനരാത്രങ്ങളിലും, മദീനയിൽനിന്ന് അകലെ താമസിച്ചിരുന്ന ജനങ്ങൾക്ക് തിരുശരീരം ഒരു നോക്കുകാണാൻ അവസരം കിട്ടുകയാ

യിരുന്നുവെന്ന് ചരിത്രം (ത്വബരി, വാക്കിദി, സുഹ്‌രി).

മൂന്നാം ദിവസം അർധരാത്രിയായപ്പോൾ ഉമർ എഴുന്നേറ്റ് അബൂബക്‌റിന്റെ കൈപിടിച്ച് 'ഞാൻ അബൂബക്‌റിന് ബൈഅത്ത് (അനുസരണ പ്രതിജ്ഞ) ചെയ്യുന്നു'വെന്ന് പ്രസ്താവിച്ചു. തുടർന്ന് അവിടെ ഉണ്ടായിരുന്നവരെല്ലാം അപ്പോൾതന്നെ ബൈഅത്ത് ചെയ്തു; ഒരു അൻസ്വാരി ഒഴിച്ച്. അടുത്ത ദിവസം രാവിലെ മറ്റു ജനങ്ങൾ ഇതറിഞ്ഞപ്പോൾ പറഞ്ഞു: 'റസൂൽ അദ്ദേഹത്തെ നമസ്കാരത്തിനായി തെരഞ്ഞെടുത്തു. നമുക്ക് എന്തുകൊണ്ട് നമ്മുടെ ദുൻയാവിനു വേണ്ടി അദ്ദേഹത്തെതന്നെ തെരഞ്ഞെടുത്തുകൂടാ?' കൂട്ടംകൂട്ടമായി മുസ്‌ലിം സമൂഹം അദ്ദേഹത്തിന് ബൈഅത്ത് ചെയ്തു. ഈ യാഥാർഥ്യത്തെ തമസ്കരിച്ചുകൊണ്ടാണ് ഇന്നത്തെ ചരിത്രകാരന്മാർ ഇതിനെ അധികാര വടംവലിയായി ചിത്രീകരിക്കുന്നത്.

'ഇസ്‌ലാം നിങ്ങൾക്ക് പൂർത്തിയാക്കിത്തരികയും അതിനെ നിങ്ങളുടെ മതമായി തൃപ്തിപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു' എന്ന ഖുർആൻ വചനം അവതരിച്ച് 81 ദിവസത്തിനുള്ളിലാണ് നബി തിരുമേനിയുടെ മരണം. ഇങ്ങനെ ഔന്നത്യത്തിലെത്തിയ ഒരു സമൂഹം 81 ദിവസത്തിനുള്ളിൽ അവരുടെ നിലനിൽപിന്റെ അടിസ്ഥാനമായ ഐക്യം ഇട്ടെറിഞ്ഞ് അധികാര വടംവലിയിൽ മൂന്നു ദിവസം തർക്കിച്ചു എന്ന് വ്യാഖ്യാനിക്കുന്നത് ചരിത്രസത്യത്തിനെതിരെയുള്ള വലിയ കടന്നാക്രമണമാണ്. ലോകത്തുള്ള മുഴുവൻ ധനം ചെലവാക്കിയാലും നേടാൻ കഴിയാത്ത ഒന്നാണ് ഐക്യമെന്ന് അല്ലാഹു ഖുർആനിൽ എടുത്തു പറഞ്ഞിട്ടുണ്ട്. തുടർന്നുള്ള 31 വർഷക്കാലത്തെ ഐക്യമാണ് സ്പെയിനിലും ഇന്ത്യയുടെ തീരത്തും ഇസ്‌ലാമിനെ എത്തിച്ചത്. ഇതൊന്നും കണക്കാക്കാതെ അധികാരവടംവലി എന്ന് വ്യാഖ്യാനിക്കുന്നത് കഷ്ടമാണ്. രാജ്യഭരണം നബിയുടെ മരണസമയത്തോ ആ ഘട്ടത്തിലോ ഒരു പ്രശ്നമേ ആയിരുന്നില്ല. അത് തീരെ അപ്രധാനമായിരുന്നുവെന്ന് ഇബ്നുഖൽദൂൻ പ്രത്യേകം ചൂണ്ടിക്കാണിക്കുന്നുണ്ട്.

*ഇസ്‌ലാമിലെ തെരഞ്ഞെടുപ്പു രീതികളെക്കുറിച്ച്?*

ഇതിന് പല രീതികൾ ചരിത്രത്തിൽ കാണുന്നുണ്ട്: എ) ഒരു സമ്മേളനത്തിൽ വെച്ച് ഒരാൾ മറ്റൊരാളെ നിർദേശിക്കുകയും ജനങ്ങൾ അദ്ദേഹത്തെ തന്നെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

ബി) അബൂബക്‌റിന്റെ മരണവസ്വിയ്യത്ത് അനുസരിച്ച് ഉമറിന് അദ്ദേഹം ബൈഅത്ത് നൽകുകയും മറ്റാളുകളുടെ ബൈഅത്ത് സ്വീകരിക്കാൻ നിർദേശിക്കുകയും ചെയ്യുന്നു. സി) ഘാതകന്റെ കുത്തേറ്റ് (പത്തര വർഷങ്ങൾക്കു ശേഷം) ഉമർ മരണത്തോടടുത്തു. മൂന്നാം ദിവസം മരണം ഉറപ്പായി. ഉമർ, സ്വഹാബിമാരിൽ അഞ്ചു പേരെ വിളിപ്പിച്ച് അവരിൽ ഒരാളെ തെരഞ്ഞെടുക്കാൻ നിർദേശിച്ചു. ഇതിൽ ത്വൽഹയും ഉണ്ട്. പക്ഷേ, അദ്ദേഹം മക്കയിൽ പോയിരുന്നതുകൊണ്ട്, അദ്ദേഹത്തിനു വേണ്ടി മൂന്ന് ദിവസം കാത്തിരുന്നിട്ട് തെരഞ്ഞെടുപ്പ് നടത്താൻ നിർദേശിച്ചു. പിന്നീട് ത്വൽഹ ഇല്ലാതെ ഉസ്മാന് ഈ പാനലിൽപെട്ട അഞ്ചുപേരും ബൈഅത്ത് ചെയ്തു. വൈകിവന്ന ത്വൽഹ ഈ തെരഞ്ഞെടുപ്പിന് അംഗീകാരം നൽകി.

ഈ തെരഞ്ഞെടുപ്പു രീതികളിൽ ബൈഅത്ത് ഒരു വ്യവസ്ഥയായിരുന്നു. തുടർന്ന് ഏതു ഖലീഫ അധികാരമേൽക്കുമ്പോഴും ഈ ബൈഅത്ത് വാങ്ങിയിരുന്നു. എന്നാൽ ഇമാം മാലികിന്റെ കാലമെത്തിയപ്പോൾ, പോലീസിനെ ഉപയോഗിച്ച് ജനങ്ങളുടെ കൈയൊപ്പ് വാങ്ങി ഖലീഫാ പദവി ഏറ്റെടുക്കുമ്പോൾ അത് പ്രദർശിപ്പിക്കാൻ തുടങ്ങി. 'അയ്മാൻ' എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. ഈ അയ്മാൻ പോലീസ് അധികാരമുപയോഗിച്ച് ബലപ്രയോഗത്തിലൂടെ വാങ്ങിയതിനെതിരെ ഇമാം മാലിക് ഇറക്കിയ ഫത്‌വ പ്രസിദ്ധമാണ്. ബലപ്രയോഗത്തിലൂടെ വാങ്ങിയ ബൈഅത്ത് അസാധുവാകുന്നു എന്നദ്ദേഹം പറഞ്ഞു. ഇതിൽ കുപിതനായ ഖലീഫ ഇമാമിനെ ജയിലിലടച്ചു. ചാട്ടയടി നടത്തി. അദ്ദേഹത്തിന്റെ ഒരു തോളെല്ലിന് കേടുപറ്റിയതായിരുന്നു പിൽക്കാലത്ത് അദ്ദേഹത്തിന്റെ മരണകാരണമെന്ന് പറയപ്പെടുന്നു.

ഇസ്‌ലാമിന്റെ തനിമയിൽനിന്ന് വ്യതിചലിച്ച് രാജവാഴ്ചയിൽ ചെന്നുവീണതിന് ഉത്തരവാദികൾ അത് പ്രവർത്തിച്ചവരാണ്, ഇസ്‌ലാമല്ല.

എന്നാൽ ആധുനിക ജനാധിപത്യം ഭരണവ്യവസ്ഥയിലെ അവസാന വാക്കാണോ? പതിനാലു നൂറ്റാണ്ടുകൾ മുമ്പ് നടന്ന മാതൃക നാം കണ്ടു. ആ പൂർവപരിശുദ്ധിയിലേക്ക് അതിനെ മടക്കിക്കൊണ്ടുവരാൻ ഇന്നത്തെ മുസ്‌ലിം ലോകം ബാധ്യസ്ഥമാണ്.

*'രാഷ്ട്രീയ ഇസ്‌ലാമി'നെക്കുറിച്ച താങ്കളുടെ അഭിപ്രായം?*

ഇസ്‌ലാം പ്രവാചകന്റെ ആദ്യത്തെ പതിമൂന്ന് വർഷം മിഷിനറി മതമായാണ് സജീവമായത്. അതിൽ ഒരു രാഷ്ട്രീയ അടിത്തറയുണ്ടായത് അടുത്ത പത്തു വർഷം കൊണ്ടാണ്. ആ ഘട്ടം അവസാനിക്കുന്ന ഹജ്ജത്തുൽ വിദാഇൽ വെച്ച് അറേബ്യൻ ഉപഭൂഖണ്ഡത്തിലെ വിരലിലെണ്ണാവുന്ന ഗോത്രങ്ങൾ ഒഴികെ ഇസ്‌ലാമിലേക്കെത്തി. ഒരു രാഷ്ട്രം രൂപം കൊണ്ടു. അടുത്ത പതിമൂന്ന് വർഷം കൊണ്ട് അന്നത്തെ ലോക വൻശക്തികൾ രണ്ടും കീഴടങ്ങി. പേർഷ്യ പൂർണമായും മുസ്‌ലിം ഭരണത്തിലേക്ക് വന്നു. റോമയും സിറിയയും കഴിഞ്ഞ് ഉത്തരാഫ്രിക്ക മുഴുവനും ഇസ്‌ലാമിന്റെ ഭരണത്തിലമർന്നു. അടുത്ത പടി സ്പെയിനിലേക്ക്. ചുരുക്കത്തിൽ, ആ ജൈത്രയാത്ര ലോകത്തെ അമ്പരപ്പിച്ചു.

രാഷ്ട്രീയവും മതവും രണ്ടായി വേർപിരിഞ്ഞിരുന്നില്ല, ഇസ്‌ലാമിൽ. 'മനുഷ്യന്റെ മുഴുവനായുള്ള പ്രകടനമാണ് ഇസ്‌ലാം'- Religion is the expression of the whole man: Iqbal. ഒരു വിത്തിനോടാണ് ഇസ്‌ലാമിനെ ഖുർആൻ ഉപമിച്ചത്: വളരുന്തോറും തടിയും ശാഖകളും ഉപശാഖകളും ലതകളും പൂക്കളും പൂന്തേനും പൂമ്പൊടിയും സുഗന്ധവും ഒടുവിൽ മധുരമുള്ള കനികളും, അതിനുള്ളിൽ വീണ്ടും വളരാനുള്ള വിത്തുകളും. ഈ വളർച്ച രാഷ്ട്രീയ അധികാരത്തിലെത്തിയത് മുപ്പത്തിയഞ്ച് കൊല്ലം കൊണ്ടും. നമ്മുടെ ചുവടുകൾ തെറ്റുന്നില്ലെങ്കിൽ, അല്ലെങ്കിൽ പിഴവുകൾ തിരുത്തി മുന്നോട്ടു പോകാൻ തയാറാകുമെങ്കിൽ, രാഷ്ട്രീയാധികാരത്തിൽ ചെന്നെത്തുകയല്ലാതെ വേറെ ചെന്നെത്താൻ ഇടമില്ല.

പക്ഷേ, ഇന്നത്തെ രാഷ്ട്രീയം മാക്കിയവെല്ലിയുടേതാണ്. പതിനാറാം നൂറ്റാണ്ടിൽ ഇറ്റലിയിലെ ഫ്ളോറൻസിലെ രാജകുമാരന് ചരിത്ര പണ്ഡിതനായ മാക്കിയവെല്ലി നൽകിയ 'ദി പ്രിൻസ്' (The Prince) എന്ന കൊച്ചു പുസ്തകമാണ് ഇന്നത്തെ ഡെമോക്രസിയുടെ വേദപുസ്തകം. അതാണ് മൂല്യങ്ങളെ തകർത്ത് സ്വാർഥലക്ഷ്യങ്ങൾ നേടാനുള്ള കുറുക്കുവഴികൾ ഉപദേശിച്ചത്.

*താങ്കൾ സമീപകാലത്ത് അമേരിക്ക സന്ദർശിച്ചപ്പോൾ അവിടത്തെ ഇസ്‌ലാമിക സംരംഭങ്ങളെ നേരിട്ടറിയാൻ കഴിഞ്ഞിട്ടുണ്ടാവുമല്ലോ.*

ഒറ്റക്കൊറ്റക്ക് വെള്ളക്കാരായ അമേരിക്കക്കാർ ഇസ്‌ലാമിൽ തൽപരരാണ്. പഠിക്കുന്നവർ ആഴത്തിൽ ഇറങ്ങിച്ചെല്ലുന്നു. പള്ളികൾ ബാഹ്യമോടിയൊന്നുമുള്ളവയല്ല. പഠനം, നമ്മുടെ രീതിയിൽ തന്നെ. അറബിഭാഷ, ഹിഫ്ള് ഇതൊക്കെ ചെറുപ്പത്തിലേ തുടങ്ങുന്നുണ്ട്. ശനിയും ഞായറും ക്ലാസ്സുകളുണ്ട്. മതപാഠങ്ങളും ഈ മദ്റസകളിൽ പഠിപ്പിക്കുന്നു. ക്രിസ്തീയ-ജൂത കുട്ടികളെയും

മദ്റസകളിൽ ചേർക്കാൻ ഇഷ്ടപ്പെടുന്ന രക്ഷാകർത്താക്കളുമുണ്ട്. ബാല്യകാല വൈകൃതങ്ങൾ ഈ കുട്ടികളിൽ കാണ പ്പെടില്ല എന്നതാണ് മുഖ്യകാരണം. കുടി യേറിപ്പാർത്ത ഏഷ്യൻ-ആഫ്രിക്കൻ- ഇന്ത്യൻ വംശജർ അവിടെ ധാരാളമുണ്ട്. ഇങ്ങനെ പല ദേശീയതകളുടെയും സങ്ക രമാണ് അമേരിക്കൻ മുസ്‌ലിംകൾ.

*ഇസ്‌ലാമിന്റെ നവോത്ഥാനം ഇനി പാശ്ചാത്യരിലൂടെയേ സംഭവിക്കൂ എന്ന് വിശ്രുത ചിന്തകൻ മുറാദ് ഹോഫ്മൻ അഭിപ്രായപ്പെട്ടിരുന്നു. താങ്കളുടെ അഭിപ്രായം?*

ബുദ്ധി പക്വതയെത്തിയ കാലമാണല്ലോ ആധുനികയുഗം. ബുദ്ധിക്ക് പറ്റിയ മതം എന്ന അർഥത്തിലായിരിക്കണം ഹോഫ്മന്റെ അഭിപ്രായം. ബുദ്ധിപരമായ പാപ്പരത്തം മുസ്‌ലിം പണ്ഡിതലോകത്ത് പരക്കെ കാണാം. ആധുനിക കാഴ്ചപ്പാ ടിൽ ഇസ്‌ലാമിനെ കാണാൻ ശ്രമിച്ചവർ അപൂർവം. ഒരു ഇബ്നു ഖൽദൂനോ ഒരു ഇഖ്ബാലോ അല്ലാതെ എത്ര പേരുണ്ട് ബൗദ്ധികമായി ഇസ്‌ലാമിനെ വിലയിരു ത്തിയിട്ടുള്ളത്? ഇത് എന്റെ അഭിപ്രായമ ല്ല, എ.ജെ ആർബറിയുടേതാണ്.

ആധുനിക ശാസ്ത്രങ്ങളിൽ നാലഞ്ചെണ്ണത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ ഇഖ്ബാലിന് കഴിഞ്ഞു. തന്റെ അറബി പാണ്ഡിത്യവും ചേർന്നപ്പോൾ രൂപപ്പെട്ട ആ വ്യക്തിത്വം, നമ്മുടെ പണ്ഡിത ഹൃദ യങ്ങളെ ആകർഷിച്ചിട്ടുണ്ടോ? അപ്പോൾ പാശ്ചാത്യ ശാസ്ത്രങ്ങളിൽ അവഗാഹം നേടാൻ ഇസ്‌ലാം എന്ന വൻകരയിൽ ആളുകളെ കണ്ടെത്താൻ കഴിയാത്ത ഹോഫ്മൻ അങ്ങനെ പറഞ്ഞുപോയി എന്നു മാത്രം. ഇസ്‌ലാമിൽനിന്ന് കിട്ടിയ ആധുനിക ശാസ്ത്രബീജം യൂറോപ്പ് സർവാത്മനാ സ്വീകരിച്ചു. പരസ്പരം മത്സരിച്ചു മുന്നേറി. ആ മാത്സര്യബോധ ത്തോടെ ഇന്നത്തെ ശാസ്ത്രങ്ങൾ പഠി ക്കുന്ന മുസ്‌ലിം രാജ്യങ്ങൾ എത്ര തുഛം!

*ഇസ്‌ലാമിക ആശയങ്ങളുടെ സർഗാ ത്മക പ്രകാശനം നമുക്ക് ഇനിയും സാധ്യമായിട്ടില്ല എന്നാണോ?*

തനിമ ഇസ്‌ലാമിന്റെ പ്രത്യേകതയാണ്. ഈ വൃക്ഷം എക്കാലത്തും അതിന്റെ ഫലം നൽകുമെന്ന് ഖുർആൻ. ഈ കാല ഘട്ടത്തിനു വേണ്ടിയുള്ള ധാരാളം ആശ യബീജങ്ങൾ ഖുർആനിൽ കിടപ്പുണ്ട്. അവക്ക് അംഗീകാരം ലഭിക്കാൻ തടസ്സ ങ്ങളുമുണ്ട്. തുടക്കത്തിൽ ഞാനത് സൂചിപ്പിച്ചു. ഇഖ്ബാൽ പറഞ്ഞു: "ഹൃദ യത്തിന്റെ വനാന്തരത്തിൽ വേട്ടക്കിറങ്ങു മ്പോൾ നിന്റെ വലയിൽ ജിബ്‌രീലിനെ കിട്ടാൻ ഇടയുണ്ട്. അതിനെ ചെറുമീ നായി നീക്കിക്കളയണം. കാരണം, നിന്റെ വലയിൽ അല്ലാഹുവിനെത്തന്നെ കിട്ടണം." നമ്മുടെ പണ്ഡിതലോകത്തിന് ഹൃദയവിശാലത വരേണ്ടിയിരിക്കുന്നു.

*ഖുർആനെക്കുറിച്ച ഗവേഷണ പ്രബന്ധങ്ങൾ, വിവർത്തനം, ചരിത്ര ഗവേഷണങ്ങൾ, താരതമ്യ പഠന ങ്ങൾ എന്നിങ്ങനെ ഇസ്‌ലാമിക വിഷയങ്ങളിൽ ധാരാളം സംഭാവന കൾ താങ്കളുടേതായിട്ടുണ്ട്. എന്നാൽ അവ വേണ്ടവിധം പൊതു സമൂഹത്തിലേക്ക് എത്തുകയുണ്ടാ യില്ല.*

രക്ഷാധികാരികളെ (Patrons) തേടിപ്പോ യിട്ടില്ല. മർഹൂം കുട്ട്യാമു സാഹിബ് ഉണ്ടായിരുന്നു. അക്കാലത്താണ് *മുഖദ്ദിമ* പൂർത്തിയാക്കിയത്. അദ്ദേഹം നേരിട്ട് അതിന്റെ കൈയെഴുത്തുപ്രതി പ്രസിദ്ധീ കരിക്കാൻ വിഫല ശ്രമങ്ങൾ നടത്തിയിട്ടു ണ്ട്. ഇപ്പോൾ ഖുർആൻ സി.ഡി ഇറക്കി ക്കഴിഞ്ഞു. ഞാൻ അറിഞ്ഞു, ഒരു ഗൾഫ് മലയാളി അതിനുള്ള ചെലവ് പകുതി യോളം കൊടുത്തുവെന്ന്. അപ്പോൾ പല കോണുകളിലും ശ്രദ്ധിക്കപ്പെടുന്നുണ്ട്. മറ്റു പുസ്തകങ്ങളിൽ പ്രധാനപ്പെട്ടവ ഒരു നല്ല എഡിഷൻ പുറത്തുകൊണ്ടുവരാൻ ആഗ്രഹമുണ്ട്. ഡി.സി ബുക്സ് *മുഖദ്ദിമ* ഏറ്റെടുത്തിട്ടുണ്ട്.

*കേരളത്തിലും ഇന്ത്യയിലും നിര വധി ഇസ്‌ലാമിക നവോത്ഥാന സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലൊന്നിലും താങ്കൾ ഭാഗഭാ ക്കായിട്ടില്ല. ഇതൊരു പരിമിതിയല്ലേ?*

നവോത്ഥാന പ്രസ്ഥാനങ്ങൾ വളരുന്നത് കൺ മുമ്പിൽ ഞാൻ കാണുന്നുണ്ട്. ഓരോന്നും ഒരു ഘട്ടം കഴിഞ്ഞാൽ അതിന്റെ വിശാലസമീപനം മാറ്റുകയും റെയിൽപാളത്തിലൂടെ ഓടാൻ തുടങ്ങു കയും ചെയ്യുന്നു. ആ വണ്ടിയിൽ ഒരു കമ്പാർട്ട്മെന്റിൽ കയറിയിരുന്നാലും മുന്നോട്ടുപോകും. ആ പോക്കിൽ ഒരു ബുദ്ധിജീവിക്ക് ലഭിക്കുന്ന വിഹായസ്സ് എത്ര വിസ്തൃതിയുള്ളതായിരിക്കും?

*ഏതു കൃതിയുടെ പണിപ്പുരയിലാണി പ്പോൾ?*

കണക്കിലും ബയോളജിയിലും എഴുതി പൂർത്തിയാക്കിയ രണ്ട് ഗവേഷണ ഗ്രന്ഥ ങ്ങൾ പകർത്തി കൂടുതൽ വിവരണങ്ങ ളോടെ പുറത്തിറക്കാനുള്ള ശ്രമത്തിലാ ണ്. ■